# വിജ്ഞാപനം

നമ്പർ. ഡി.സി.പി.ഒ/ ടി.എസ്.ആർ/741/17

ജില്ലാ ശിശുസംരക്ഷണ ഓഫീസ്,
സിവിൽ സ്റ്റേഷൻ, തൃശ്ശൂർ - 680003.

തിയ്യതി - 25-05-2017

നിയമവുമായി പൊരുത്തപെടാത്ത കുട്ടികൾക്ക് മനശാസ്ത്രപരമായ പരിരക്ഷയും പിന്തുണയും നൽകി സ്വഭാവ പരിവർത്തനം സാദ്ധ്യമാക്കി ശരിയായ സാമൂഹ്യ ജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയുള്ള സാമൂഹ്യ ഇടപെടൽ പരിപാടിയായ കാവൽ പദ്ധതിയുടെ രണ്ടാം ഘട്ടം ബാംഗളൂർ NIMHANS ന്റെ സഹകരണത്തോടെ തൃശ്ശൂർ ജില്ലയുൾപ്പെടെ 6 ജില്ലകളിൽ സന്നദ്ധ സംഘടനകൾ മുഖേന നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. <u>കാവൽ പദ്ധതി</u>യിൽ പങ്കാളികളാകാൻ താൽപര്യമുള്ള തൃശ്ശൂർ ജില്ലയിൽ പ്രവർത്തിച്ചു വരുന്ന സന്നദ്ധ സംഘടനകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു കൊള്ളുന്നു. അപേക്ഷ സമർപ്പിക്കുന്ന സന്നദ്ധ സംഘടനകൾ താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിരിക്കേണ്ടതാണ്.

1. അപേക്ഷിക്കുന്ന സംഘടന 1955 ലെ തിരുവിതാംകൂർ - കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട്, 1860 ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്, 1882 ലെ ഇന്ത്യൻ ട്രസ്റ്റ് ആക്ട് എന്നിവയിൽ ഏതെങ്കിലും ഒന്ന് പ്രകാരം രജിസ്റ്റർ ചെയ്തിരിക്കണം.

   അല്ലെങ്കിൽ

   MSW, BSW കോഴ്സുകൾ നടത്തുന്ന അക്കാദമിക് സ്ഥാപനങ്ങളുടെ ഔട്ട്റീച്ച് സംവിധാനമായിരിക്കണം.

2. സാമൂഹ്യനീതി വകുപ്പിന്റെ അക്രഡിറ്റേഷൻ ലഭിച്ച സന്നദ്ധ സംഘടനയായിരിക്കണം

   അല്ലെങ്കിൽ

   കുട്ടികളുടെ പുനഃരധിവാസ മേഖലയിൽ രണ്ട് വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയമുള്ള സംഘടനയായിരിക്കണം.

3. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കു വേണ്ടി പ്രവർത്തിക്കാനുള്ള സന്നദ്ധത യുള്ള സംഘടനയായിരിക്കണം.
4. നിയമ പ്രകാരം തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലുണ്ടായിരിക്കണം.
5. ഈ പദ്ധതി ഏറ്റെടുത്ത് നടത്തുവാനുള്ള സാമ്പത്തിക ഭദ്രതയുള്ള സംഘടനയായിരിക്ക ണം.

കഴിഞ്ഞ രണ്ട് വർഷത്തെ ഓഡിറ്റ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ്, ഭരണ റിപ്പോർട്ട് എന്നിവയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് 0487 2364445 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

District Child Protection Officer
Thrissur

ജില്ലാ ശിശു സംരക്ഷണ ഓഫീസർ,

തൃശ്ശൂർ